LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയിൽ 144 അംഗീകൃത ബെഡ്ഡുകളാണ് അനുവദിച്ചിട്ടുള്ളത്. കോവിഡിന് മുമ്പ് പ്രതിദിനം ശരാശരി 1200-ഓളം ഒ.പി.യും, ഈ കോവിഡ് കാലയളവിൽ പ്രതിദിനം അറുന്നൂറോളം ഒ.പി.യുമുണ്ട്. കൂടാതെ, ഐ.പി. വിഭാഗത്തിൽ പ്രതിദിനം ശരാശരി നൂറ് രോഗികളെ ചികിത്സിക്കുന്നുണ്ട്. ഈ ആശുപത്രിയിൽ 137 തസ്തികകൾ അനുവദിച്ചിട്ടുള്ളതിൽ 50 എണ്ണം ഡോക്ടർമാരുടേതാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്ന വിഷയം ഡയാലിസിസുമായി ബന്ധപ്പെട്ടതാണ്. അദ്ദേഹം പറഞ്ഞ യൂണിറ്റുകളുടെ എണ്ണം കറക്ടാണ്. അതിൽ 275 ഡയാലിസിസ് ആണ് ശരാശരി ഒരു വർഷം ഇപ്പോൾ നല്കുന്നത്. ഇപ്പോൾ അവിടെയൊരു ആർ.ഒ. പ്ലാന്റിന്റെ ഇൻസ്റ്റലേഷനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അതുകൂടി വന്നാൽ നമുക്ക് അടുത്തൊരു ബാച്ച് കൂടി അനുവദിക്കാൻ സാധിക്കും. അമ്പതുപേർ വെയിറ്റിംഗ് ആണെന്നാണ് പറഞ്ഞത്. അപ്പോൾ അവരെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഡയാലിസിസിന്റെ സൗകര്യം ലഭ്യമാക്കുന്നതിന് കഴിയും. അതുപോലെതന്നെ ഇതുമായി ബന്ധപ്പെട്ട് നിലവിൽ എൻ.എച്ച്.എം-ന്റെ സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, എച്ച്.എം.സി. സ്റ്റാഫ് നഴ്സ് എന്നിങ്ങനെ അഞ്ച് ജീവനക്കാർ താല്കാലികമായി പ്രവർത്തിച്ചുവരുന്നുണ്ട്. നെഫ്രോളജി കൺസൾട്ടന്റിന്റെ ഒരു തസ്തിക സൃഷ്ടിക്കാൻ കഴിയുമോയെന്ന കാര്യം ഗൗരവമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(10) തസ്തിക സൃഷ്ടിക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എന്നും അവഗണന ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ടവരാണ് കാസർഗോഡ് ജില്ലയിലെ ജനങ്ങൾ. കാസർഗോഡ് ജില്ലയെ അവഗണിക്കുന്ന കാര്യത്തിൽ ഇവിടെ പലരും മത്സരിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ആ മത്സരത്തിൽനിന്നും മാറിനിൽക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. അങ്ങ് അവഗണിക്കപ്പെടുന്നവരുടെ വേദന മനസ്സിലാക്കാൻ പറ്റുന്ന ഒരു മന്ത്രിയാണ്. ജനപ്രതിനിധിയാകുന്നതിനുമുമ്പ് പാവപ്പെട്ടവർക്കുവേണ്ടി അങ്ങ് തൂലിക ചലിപ്പിച്ചിട്ടുണ്ട്. അങ്ങയുടെ ശബ്ദം അതിനായി വിനിയോഗിച്ചിട്ടുണ്ട്. ഞാൻ ഇവിടെ പറയാൻ പോകുന്നത് കാസർഗോഡ് ജില്ലയിൽ അമ്പതോളം ലാബ് ടെക്നീഷ്യന്മാർ ഇപ്പോൾ പി.എസ്.സി. ലിസ്റ്റിൽ ഇടംനേടി നിയമനത്തിനുവേണ്ടി കാത്തിരിക്കുകയാണ്. അതിൽ പ്രായപരിധി കഴിഞ്ഞയാളുകളുണ്ട്. പരീക്ഷയെഴുതാൻ ഇനിയൊരു അവസരം കിട്ടാത്ത ആളുകളുമുണ്ട്. പി.എസ്.സി. റാങ്ക് പട്ടികയിലുള്ളവരുടെ നീണ്ടനിര തന്നെയുണ്ടെങ്കിലും ജില്ലയിൽ ആവശ്യത്തിനനുസരിച്ച് തസ്തികകൾ ഇതുവരെ സൃഷ്ടിക്കപ്പെട്ടിട്ടില്ല. കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിൽ പി.എസ്.സി.യുടെ നാല് തസ്തികകളുണ്ട്. അതിൽ രണ്ട് എണ്ണത്തിൽ മാത്രമാണ് നിയമനം നടത്തിയിട്ടുള്ളത്. പക്ഷേ, 24 മണിക്കൂറും പ്രവർത്തിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയെന്ന നിലയിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് അവിടെ ഉള്ളതുകൊണ്ടും 12 തസ്തികകൾ അവിടെ ആവശ്യമാണ്. കാഞ്ഞങ്ങാട്ടുള്ള ജില്ലാ ആശുപത്രിയുടെയും സ്ഥിതി ഇതുതന്നെയാണ്. അവിടെയും പന്ത്രണ്ട് തസ്തികകൾ ആവശ്യമുണ്ട്. പക്ഷെ, അവിടെ ആറ് തസ്തികകൾ മാത്രമാണ് ഇപ്പോഴുള്ളത്. അതുപോലെ കാസർഗോഡ് ജില്ലയിലെ താലൂക്കാശുപത്രികളായ മംഗൽപ്പാടി, ബേഡകം, കുടങ്കല്ല് എന്നിവിടങ്ങളിൽ പി.എസ്.സി. തസ്തികകൾ രണ്ട് വീതം മാത്രമാണ്. പക്ഷേ, അഞ്ച് വീതം തസ്തികകളാണ് ആവശ്യമുള്ളത്. 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആവശ്യമുള്ള തസ്തികകൾ പന്ത്രണ്ട് എണ്ണം വീതമാണ്. സർക്കാർ കുറേ നൂതന ഉപകരണങ്ങൾ ഉൾപ്പെടെ ആധുനിക സജ്ജീകരണങ്ങൾ ജില്ലയിലെ ലാബുകളിൽ ഒരുക്കിയിട്ടുണ്ട്. പക്ഷെ, ആവശ്യത്തിന് ലാബ് ടെക്നീഷ്യന്മാർ ഇല്ലാത്തതുകൊണ്ട് ആ സജ്ജീകരണങ്ങൾ ശരിക്കും ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് സർക്കാർ ആശുപത്രികളിൽ പുതിയ ലാബ് ടെക്നീഷ്യന്മാരുടെ തസ്തികകൾ സൃഷ്ടിച്ച് പാവപ്പെട്ട രോഗികൾക്ക് ചെലവേറിയ ടെസ്റ്റുകൾ കുറഞ്ഞ ചെലവിൽ കാലതാമസമില്ലാതെ ലഭ്യമാക്കാനുള്ള അവസരമുണ്ടാക്കണമെന്നാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കാസർഗോഡ് ജില്ലയിൽ ആരോഗ്യരംഗവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പ്രത്യേക ശ്രദ്ധ നല്കിയാണ് പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നത്. മുൻസർക്കാരിന്റെ ഭരണകാലയളവിൽ സംസ്ഥാനത്താകെയുള്ള വിവിധ ആശുപത്രികളിലായി 3377 അധിക തസ്തികകൾ സൃഷ്ടിച്ചതിൽ 667 എണ്ണം ലാബ് ടെക്നീഷ്യൻസിന്റെ തസ്തികകളായിരുന്നു. അതിൽ 34 എണ്ണം കാസർഗോഡ് ജില്ലയിലാണ്. കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളിൽ ലബോറട്ടറി സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളവയിൽ ലാബ് ടെക്നീഷ്യന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ലാബ് സംവിധാനം നിലവിൽ ലഭ്യമല്ലാത്ത ആശുപത്രികളിൽ അത് ഏർപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ആയത് പൂർത്തിയാകുന്നമുറയ്ക്ക് പ്രസ്തുത ആശുപത്രികളിൽ ലബോറട്ടറി ടെക്നീഷ്യന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് മൊത്തത്തിലുള്ള കാര്യങ്ങൾ പ്രത്യേക യോഗം വിളിച്ച്, ഒഴിവുകൾ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയും അതിനുള്ള തുടർനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ നിലവിൽ ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1, ഗ്രേഡ്-2 വിഭാഗങ്ങളിലായി ആകെ 60 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 തസ്തികയിൽ മൂന്ന് ഒഴിവുകളും ഗ്രേഡ്-1 തസ്തികയിൽ ഏഴ് ഒഴിവുകളുമാണ് നിലവിലുള്ളത്. ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ ജില്ലാ മെഡിക്കൽ ഓഫീസർ

മുഖാന്തരം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1 തസ്തികയിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേനയാണ് നികത്തേണ്ടത്. അതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കൂടാതെ, എൻ.എച്ച്.എം. (National Health Mission) മുഖേന 23 പേരും തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന എട്ട് പേരും എച്ച്.എം.സി. (Hospital Management Committee) മുഖേന രണ്ടുപേരും കോവിഡ് ബ്രിഗേഡ് മുഖേന 11 പേരും ജോലി ചെയ്യുവരുന്നു. 'ആർദ്രം' പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും പുതിയ ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

VI ക്രമപ്രശ്നം

(1)കിഫ്ബി ധനവിനിയോഗം സംബന്ധിച്ച്

ശ്രീ. എ. പി. അനിൽ കുമാർ: സർ, സഭ ഒട്ടനവധി തവണ ചർച്ച ചെയ്ത വളരെ പ്രധാനപ്പെട്ട വിഷയവുമായി ബന്ധപ്പെട്ടാണ് ഞാൻ ഈ ക്രമപ്രശ്നം ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ കിഫ്ബി അവതരിപ്പിക്കുന്ന ഘട്ടത്തിൽ പ്രതിപക്ഷത്തിന്റെ അടിസ്ഥാനപരമായ ചില വിയോജിപ്പുകൾ സൂചിപ്പിച്ചിരുന്നു. അതിലേറ്റവും പ്രധാനപ്പെട്ട കാര്യം ആയിരക്കണക്കിന് കോടി രൂപ ബഡ്ജറ്റിന് പുറത്ത് ചെലവഴിക്കപ്പെടുമ്പോൾ അതുസംബന്ധിച്ച യാതൊരു സ്ക്രൂട്ടിനിയും ഈ സഭയിലോ സഭയുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയിലോ വരുന്നില്ല എന്നതാണ്. അംഗങ്ങൾ ആരുംതന്നെ ഇത് അറിയാത്തൊരു സാഹചര്യമാണ്. അതാണ് ഏറ്റവും വലിയ വിമർശനമുണ്ടായത്. അത് സഭയിൽ ചർച്ചയ്ക്ക് വന്നതാണ്. ഇതിനകം 63000 കോടി രൂപയുടെ ഭരണാനുമതി കൊടുത്തുവെന്നാണ് പറയുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത് 13000 കോടി രൂപയുടെ പ്രവൃത്തി ഇതിനകം പൂർത്തീകരിച്ചു എന്നാണ്. ഇത്രയും വലിയൊരു തുക ചെലവഴിക്കുമ്പോഴും ഈ സഭയിലെ ഒരു അംഗത്തിനും അതുമായി ബന്ധപ്പെട്ട ഒരു കാര്യവും അറിയില്ല. കിഫ്ബി അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് "ഇതിനാവശ്യമായ പണം പുറത്തുനിന്നും കണ്ടെത്തും; വായ്പയിലൂടെ കണ്ടെത്തും; മസാല ബോണ്ടിലൂടെ കണ്ടെത്തും; പല രീതിയിലും കണ്ടെത്തും" എന്നാണ്. പക്ഷെ, ഇന്ന് കാര്യങ്ങൾ മനസ്സിലാക്കുമ്പോൾ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനിടയിൽ ഏതാണ്ട് 8500 കോടി രൂപയാണ് മോട്ടോർ വാഹന നികുതിയിൽനിന്നും പെട്രോൾ സെസ്സിൽ നിന്നും കിഫ്ബിയിലേക്ക് കൊടുത്തത്. ഏതാണ്ട് 2500 കോടി രൂപ കോർപ്പസ് ഫണ്ടിൽനിന്നും ഗ്രാന്റായി കൊടുത്തിട്ടുണ്ട്. 11000 കോടിരൂപ കൊടുത്തത് ഗവൺമെന്റിന്റെ എക്സ്ചെക്കറിൽ നിന്നുമാണ്. വളരെ തുച്ഛമായ തുകയാണ് മറ്റ് രീതികളിൽ കളക്ട് ചെയ്തിട്ടുള്ളത്. ഇത്രയും വലിയൊരു തുക

LIBRARY ARCHIVES Kerala Legislative Assembly